## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1515 — 11.08.2017 - ൽ മറുപടിക്ക്.

### അരക്ഷിതാവസ്ഥാ പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ.യു.ആർ.പ്രദീപ്<br>ശ്രീമതി യു.പ്രതിഭ ഹരി | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അരക്ഷിതാവസ്ഥ പഠനം (വൾണറബിലിറ്റി മാപ്പിംഗ്) നടത്തിയിട്ടുണ്ടോ; | (എ) കായംകുളം മുനിസിപ്പാലിറ്റി ഉൾപ്പെടെ 28 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ വൾണറബിലിറ്റി മാപ്പിംഗ് (അരക്ഷിതാവസ്ഥാ പഠനം) 2016-17 സാമ്പത്തിക വർഷത്തിൽ നടത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) ഒരു പ്രദേശത്തെ പ്രധാന ക്ലേശ ഘടകങ്ങളേയും, മനുഷ്യരെയും പ്രകൃതിയെയും പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്ന പ്രശ്നങ്ങളെയും രേഖപ്പെടുത്തുന്ന ഒരു പഠന പ്രവർത്തനമാണ് വൾണറബിലിറ്റി മാപ്പിംഗ്.<br>തദ്ദേശ സ്വയംഭരണ പ്രദേശത്തെ വിവിധ മേഖലകളിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളുടെ കണ്ടെത്തൽ, ഓരോ വ്യക്തിയും, കുടുംബവും, സംഘവും നേരിടുന്ന പ്രശ്നങ്ങൾ എന്തെന്ന് കണ്ടെത്തി അതിജീവിക്കുന്നതിനുള്ള പ്രാപ്തി വർദ്ധിപ്പിക്കാനുള്ള പ്രക്രിയ, പ്രാദേശിക വികസന പ്രക്രിയയിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഒരു തദ്ദേശസ്വയംഭരണ പ്രദേശത്തെ പ്രധാന ആവശ്യങ്ങളും ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളും കണ്ടെത്തി പരിഹാരത്തിലേക്ക് നയിക്കുന്നതിനുള്ള പ്രവർത്തനം, അയൽക്കൂട്ട പ്രദേശത്ത് സുരക്ഷാ സംവിധാനം ജനപങ്കാളിത്തത്തോടെ നടപ്പാക്കുക, പ്രാദേശിക സർക്കാരിന്റെയും മറ്റ് പ്രാദേശിക സംഘടനകളുടെയും പദ്ധതികളിൽ ടി ആവശ്യങ്ങളെ ഉൾപ്പെടുത്തുക, എന്നിവയാണ് വൾണറബിലിറ്റി മാപ്പിംഗ് വഴി കൈവരിക്കാനുദ്ദേശിക്കുന്ന പ്രധാനലക്ഷ്യങ്ങൾ. |

| | |
|---|---|
| (സി) തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ കുടുംബശ്രീയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി ജൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ എല്ലാ ജില്ലകളിലും 5 വീതം മോഡൽ ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്നതിന് കുടുംബശ്രീ തീരുമാനിക്കുകയും അതിന്റെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിലായി 25 ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിച്ചു കഴിഞ്ഞു. |
| (ഡി) അഗതികളുടെയും മാനസികവെല്ലുവിളി നേരിടുന്നവരുടേയും പുനരധിവാസത്തിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) നിരാശ്രയരും ആലംബഹീനരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് 2002-03 സാമ്പത്തിക വർഷം മുതൽ ആശ്രയ എന്ന പേരിൽ പ്രത്യേക പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ മുഴുവൻ അഗതികളെയും പദ്ധതിയുടെ ഭാഗമാക്കുന്നതിലേയ്ക്കായി 'അഗതിരഹിത കേരളം' എന്ന പ്രത്യേക ക്യാമ്പെയിൻ ഈ വർഷം സംഘടിപ്പിക്കും. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് ബഡ്സ് സ്കൂളുകളും റീഹാബിലിറ്റേഷൻ സെന്ററുകളും ആരംഭിക്കുന്നതിന് സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. സ്വന്തമായി സ്ഥലമോ, വീടോ ഇല്ലാത്തതും ആരോഗ്യപരമായി പ്രശ്നങ്ങൾ ഉള്ളവരും ഒറ്റപ്പെട്ടവരുമായവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പുനരധിവാസ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് സ്വന്തമായി പുനരധിവാസ കേന്ദ്രം ഇല്ലായെങ്കിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ/സിഡിഎസിന്റെ ഉത്തരവാദിത്വത്തിൽ ഏറ്റവും അടുത്ത സർക്കാർ അംഗീകൃത പുനരധിവാസ കേന്ദ്രത്തിൽ പ്രവേശിപ്പിക്കുന്നതിനും ഇതിനാവശ്യമായ പ്രാഥമിക ചെലവുകൾ ആശ്രയ ഫണ്ടിൽ നിന്നും ഉപയോഗിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ